# പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 3531

11.12.2018 ൽ മറുപടിയ്ക്ക്

## <u>പഞ്ചായത്ത് വിഭജനത്തിനെതിരെയുള്ള സ്റ്റേ</u>

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. എൻ.എ. നെല്ലിക്കുന്ന്** | | **ശ്രീ. എ.സി. മൊയ്തീൻ**<br>(തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി ) | |
| എ) | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പഞ്ചായത്ത് വിഭജനം നടത്തിയിരുന്നോയെന്നും എങ്കിൽ ഏതെല്ലാം പഞ്ചായത്തുകളും നഗരസഭകളുമാണ് വിഭജിച്ചതെന്നും വ്യക്തമാക്കുമോ; | എ) | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പഞ്ചായത്ത് വിഭജന നടപടികൾ ബഹു. ഹൈക്കോടതിയുടെ ഉത്തരവിൻ പ്രകാരം നിർത്തിവച്ചിരുന്നു. അതിനാൽ പഞ്ചായത്ത് വിഭജനം നടത്തിയിരുന്നില്ല.<br><br>നഗരസഭകളുടെ വിഭജനം സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br><br>1. കാസർകോഡ് ജില്ലയിലെ പടന്ന ഗ്രാമപഞ്ചായത്തിലെ 1-ാം വാർഡ് അഴിത്തല ഭാഗത്തുള്ള 132 വീടുകൾ ഉൾപ്പെടുന്ന പ്രദേശം നീലേശ്വരം മുൻസിപ്പാലിറ്റിയുമായി കൂട്ടിച്ചേർത്തു.<br><br>2. കണ്ണൂർ ജില്ലയിലെ തളിപ്പറമ്പ് മുൻസിപ്പൽ കൗൺസിലിന്റെ 16 മുതൽ 35 വരെയുള്ള വാർഡുകൾ കൂട്ടിച്ചേർത്തുകൊണ്ട് ആന്തൂർ മുൻസിപ്പാലിറ്റി രൂപീകരിച്ചു.<br><br>3. കണ്ണൂർ മുൻസിപ്പാലിറ്റി, പള്ളിക്കുന്ന് ഗ്രാമപഞ്ചായത്ത് പുഴതി ഗ്രാമപഞ്ചായത്ത്<br><br>ഏടക്കാട് - ഗ്രാമപഞ്ചായത്ത് |

| | | | |
|---|---|---|---|
| | | | ഏലയാവൂർ - ഗ്രാമപഞ്ചായത്ത്<br><br>ചേലോറ ഗ്രാമപഞ്ചായത്ത് എന്നിവ കൂട്ടിച്ചേർത്ത് കണ്ണൂർ കോർപ്പറേഷൻ രൂപീകരിച്ചു.<br><br>4. ആലപ്പുഴ ജില്ലയിലെ ഹരിപ്പാട് ഗ്രാമപഞ്ചായത്ത്, പള്ളിപ്പാട് ഗ്രാമപഞ്ചായത്തിലെ 12,13,14,15,16 എന്നീ വാർഡുകളും 11-ാം വാർഡിലെ കോളാച്ചിറയിൽ നിന്നും കോട്ടയിൽ ജംഗ്ഷൻ വരെയുള്ള നരിഞ്ജിൻ റോഡിന് വടക്ക് വശത്തുള്ള പ്രദേശവും കാർത്തികപ്പള്ളി ഗ്രാമപഞ്ചായത്തിലെ 6,7,8,9 എന്നീ വാർഡുകളും ചിങ്ങോലി ഗ്രാമപഞ്ചായത്തിലെ 3-ാം വാർഡും കൂട്ടിച്ചേർത്തുകൊണ്ട ഹരിപ്പാട് നഗരസഭ രൂപീകരിച്ചു<br><br>5. പാലക്കാട് ജില്ലയിലെ ചെർപ്പുളശ്ശേരി ഗ്രാമപഞ്ചായത്ത്, തൃക്കടീരി ഗ്രാമപഞ്ചായത്തിലെ 14,15,16 എന്നീ വാർഡുകൾ ചേർത്തുകൊണ്ട് ചെർപ്പുളശ്ശേരി നഗരസഭ രൂപീകരിച്ചു.<br>6. പാലക്കാട് ജില്ലയിലെ മണ്ണാർക്കാട് ഗ്രാമപഞ്ചായത്ത്, തെങ്കര ഗ്രാമപഞ്ചായത്തിലെ 15,16 വാർഡുകൾ കൂട്ടിച്ചേർത്ത് മണ്ണാർക്കാട് നഗരസഭ രൂപീകരിച്ചു. |
| ബി) | ഏതെങ്കിലും വിഭജനം കോടതി സ്റ്റേ ചെയ്തിരുന്നോ എന്നും എങ്കിൽ ഏതു പഞ്ചായത്തുമായി ബന്ധപ്പെട്ട വിഭജനമാണ് സ്റ്റേ ചെയ്തതെന്നും അതിനുള്ള കാരണമെന്തായിരുന്നുവെന്നും വ്യക്തമാക്കുമോ; | ബി) | ബഹു. ഹൈക്കോടതിയുടെ 10.07.2015 തീയതിയിലെ വിവിധ വ്യവഹാരങ്ങളിലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിലാണ് പഞ്ചായത്ത് വിഭജന നടപടികൾ നിർത്തിവച്ചിട്ടുള്ളത്. 1994-ലെ കേരള പഞ്ചായത്ത് രാജ് |

| | | | |
|---|---|---|---|
| | | | നിയമത്തിലെ 4-ാം വകുപ്പ് പ്രകാരം ഓരോ ഗ്രാമത്തിനോ ഗ്രാമങ്ങളുടെ കൂട്ടത്തിനോ ഒരു പഞ്ചായത്ത് രൂപീകരിക്കുവാനും ഏതെങ്കിലും ഗ്രാമപഞ്ചായത്തിന്റെ ഭൂപ്രദേശത്തിൽ നിന്നും ഏതെങ്കിലും ഗ്രാമത്തെയോ, ഗ്രാമങ്ങളുടെ കൂട്ടങ്ങളെയോ ഉൾപ്പെടുത്തുവാനും ഒഴിവാക്കാനുമുള്ള അധികാരം സർക്കാരിൽ നിക്ഷിപ്തമായിട്ടുണ്ട്. ഇത്തരത്തിൽ നിയമത്തിൽ വിവക്ഷിക്കുന്ന ഗ്രാമം ഇന്ത്യൻ ഭരണഘടനയുടെ ആർട്ടിക്കിൾ 243 അനുച്ഛേദം (ജി) പ്രകാരം ബഹു.ഗവർണ്ണർ വിജ്ഞാപനം ചെയ്യേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. സർക്കാരിന്റെ 25.04.2015 തീയതിയിലെ സ.ഉ (അച്ചടി) നം.140/15/തസ്വഭവ, 141/15/തസ്വഭവ നമ്പർ ഉത്തരവുകൾ പ്രകാരം 2015 – ലെ പൊതുതെരഞ്ഞെടുപ്പിനു മുന്നോടിയായി 69 ഗ്രാമപഞ്ചായത്തുകൾ രൂപീകരിച്ചുകൊണ്ടും ഭരണസൗകര്യത്തിനായി ചില ഗ്രാമപഞ്ചായത്തുകളുടെ ഭാഗങ്ങൾ 14 ഗ്രാമപഞ്ചായത്തുകളിലേക്ക് കൂട്ടിച്ചേർത്തുകൊണ്ടും അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനു മുൻപായി ആർട്ടിക്കിൾ 243(ജി) പ്രകാരം ഗവർണ്ണറുടെ വിജ്ഞാപനം പുറപ്പെടുവിക്കാത്തതിനാലാണ് വിഭജന നടപടികൾ നിർത്തി വച്ചത്.<br><br>കോടതി സ്റ്റേ ചെയ്ത വിഭജന നടപടികൾ<br><br>**തിരുവനന്തപുരം**<br><br>1. നാവായിക്കുളം ഗ്രാമപഞ്ചായത്ത് വിഭജിച്ച് കടവൂർ ഗ്രാമപഞ്ചായത്ത് രൂപീകരിക്കൽ |

**കൊല്ലം**

1. കുളക്കട, നെടുവത്തൂർ ഗ്രാമപഞ്ചായത്തുകൾ വിഭജിച്ച് പുത്തൂർ ഗ്രാമപഞ്ചായത്ത് രൂപീകരിക്കൽ
2. പിറവന്തൂർ, തെന്മല, ആര്യങ്കാവ് ഗ്രാമപഞ്ചായത്തുകൾ വിഭജിച്ച് പുന്നല ഗ്രാമപഞ്ചായത്ത് രൂപീകരിക്കൽ
3. തൃക്കോവിൽവട്ടം ഗ്രാമപഞ്ചായത്ത് വിഭജിച്ച് കണ്ണനല്ലൂർ ഗ്രാമപഞ്ചായത്ത് രൂപീകരിക്കൽ

**പത്തനംതിട്ട**

1. ഏറത്ത് ഗ്രാമപഞ്ചായത്ത് വിഭജിച്ച് ഏനാത്ത് ഗ്രാമപഞ്ചായത്ത് രൂപീകരിക്കൽ

**ആലപ്പുഴ**

1. ചുനക്കര, നൂറനാട് ഗ്രാമപഞ്ചായത്തുകൾ വിഭജിച്ച് ചാരുമ്മൂട് ഗ്രാമപഞ്ചായത്ത് രൂപീകരിക്കൽ
2. ചേർത്തല തെക്ക് ഗ്രാമപഞ്ചായത്ത് വിഭജിച്ച് അർത്തുങ്കൽ ഗ്രാമപഞ്ചായത്ത് രൂപീകരിക്കൽ

**എറണാകുളം**

1. കിഴക്കമ്പലം ഗ്രാമപഞ്ചായത്ത് വിഭജിച്ച് പട്ടിമറ്റം ഗ്രാമപഞ്ചായത്ത് രൂപീകരിക്കൽ

**പാലക്കാട്**

1. ഓങ്ങല്ലൂർ ഗ്രാമപഞ്ചായത്ത് വിഭജിച്ച് കാരക്കാട് ഗ്രാമപഞ്ചായത്ത്

രൂപീകരിക്കൽ

**<u>മലപ്പുറം</u>**

1. പാണ്ടിക്കാട് ഗ്രാമപഞ്ചായത്ത് വിഭജിച്ച് ചെമ്പ്രശ്ശേരി ഗ്രാമപഞ്ചായത്ത് രൂപീകരിക്കൽ
2. ചെറുകാവ് ഗ്രാമപഞ്ചായത്തിലെ 2-ാം വാർഡ് വാഴൂർ ഗ്രാമപഞ്ചായത്തിൽ ഉൾപ്പടുത്തൽ
3. പൊന്മല, കുറവ ഗ്രാമപഞ്ചായത്തുകൾ വിഭജിച്ച് പാങ്ങ് ഗ്രാമപഞ്ചായത്ത് രൂപീകരിക്കൽ
4. വണ്ടൂർ ഗ്രാമപഞ്ചായത്ത് വിഭജിച്ച് വാണിയമ്പലം ഗ്രാമപഞ്ചായത്ത് രൂപീകരിക്കൽ
5. തൃക്കലങ്ങാട് ഗ്രാമപഞ്ചായത്ത് വിഭജിച്ച് എലങ്കൂർ ഗ്രാമപഞ്ചായത്ത് രൂപീകരിക്കൽ
6. മംഗലം ഗ്രാമപഞ്ചായത്ത് വിഭജിച്ച് കൂട്ടായി ഗ്രാമപഞ്ചായത്ത് രൂപീകരിക്കൽ
7. ആലിപ്പറമ്പ ഗ്രാമപഞ്ചായത്ത് വിഭജിച്ച് അറക്കമ്പറമ്പ് ഗ്രാമപഞ്ചായത്ത് രൂപീകരിക്കൽ
8. തിരുനാവായ ഗ്രാമപഞ്ചായത്ത് വിഭജിച്ച് അനന്താവൂർ ഗ്രാമപഞ്ചായത്ത് രൂപീകരിക്കൽ

**<u>കോഴിക്കോട്</u>**

1. നരിപ്പറ്റ, കായക്കൊടി ഗ്രാമപഞ്ചായത്ത് വിഭജിച്ച് കൈവേലി ഗ്രാമപഞ്ചായത്ത് രൂപീകരിക്കൽ
2. ചെറുകുളത്തൂർ ഗ്രാമപഞ്ചായത്ത് രൂപീകരികരണം
3. ഉണ്ണിക്കുളം ഗ്രാമപഞ്ചായത്ത് വിഭജിച്ച് പൂനൂർ ഗ്രാമപഞ്ചായത്ത് രൂപീകരിക്കൽ

| | | | |
|---|---|---|---|
| | | | **വയനാട്**<br><br>1. പൂതാടി ഗ്രാമപഞ്ചായത്ത് വിഭജിച്ച് നടവയൽ ഗ്രാമപഞ്ചായത്ത് രൂപീകരിക്കൽ<br><br>**കണ്ണൂർ**<br><br>1. നടുവിൽ ഗ്രാമപഞ്ചായത്ത് വിഭജിച്ച് കരുവഞ്ചാൽ ഗ്രാമപഞ്ചായത്ത് രൂപീകരിക്കൽ<br>2. വള്ളിത്തോട് ഗ്രാമപഞ്ചായത്ത് രൂപീകരിക്കൽ<br>3. കൂടാലി ഗ്രാമപഞ്ചായത്ത് വിഭജിച്ച് പട്ടാന്നൂർ ഗ്രാമപഞ്ചായത്ത് രൂപീകരിക്കൽ<br>4. ചിറക്കൽ ഗ്രാമപഞ്ചായത്ത് വിഭജിച്ച് കാട്ടാമ്പള്ളി ഗ്രാമപഞ്ചായത്ത് രൂപീകരിക്കൽ<br><br>**കാസർകോഡ്**<br><br>1. ഉദുമ, പള്ളിക്കര ഗ്രാമപഞ്ചായത്തുകൾ വിഭജിച്ച് പനയാൽ ഗ്രാമപഞ്ചായത്ത് രൂപീകരിക്കൽ<br>2. അജാനൂർ ഗ്രാമപഞ്ചായത്ത് വിഭജിച്ച് മാണിക്കോത്ത് ഗ്രാമപഞ്ചായത്ത് രൂപീകരിക്കൽ |
| സി) | സ്റ്റേ ഉത്തരവ് പ്രാബല്യത്തിൽ വന്നപ്പോൾ പഞ്ചായത്തിന്റെ വിഭജനവുമായി ബന്ധപ്പെട്ട ഏതെല്ലാം നടപടികൾ പൂർത്തിയായിരുന്നുവെന്നും അതിനു വേണ്ടിവന്ന സാമ്പത്തിക ചെലവും തൊഴിൽ ദിനങ്ങളും എത്രയായിരുന്നുവെന്നും വ്യക്തമാക്കുമോ? | സി) | സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകൾ വിഭജിച്ച് പുതിയ ഗ്രാമപഞ്ചായത്തുകൾ രൂപീകരിക്കുന്നതിനും ഗ്രാമപഞ്ചായത്തുകളെ മുൻസിപ്പാലിറ്റികളായി പരിവർത്തനം ചെയ്യുന്നതിനുമുള്ള മാനദണ്ഡങ്ങൾ നിശ്ചയിക്കുന്നതിനും, അതിനനുസൃതമായ പഞ്ചായത്തുകളെ തെരെഞ്ഞെടുക്കുന്നതിനുമായി സ.ഉ. (സാധാ) നം.1465/2014/തസ്വഭവ തീയതി.10.06.2014 പ്രകാരം സമിതി രൂപീകരിച്ചിരുന്നു. പുതിയ |

| | | | |
|---|---|---|---|
| | | | ഗ്രാമപഞ്ചായത്തുകളുടെ രൂപീകരണവുമായി ബന്ധപ്പെട്ട് സർക്കാരിലും പഞ്ചായത്ത് ഡയറക്ടർക്കും ലഭ്യമായിട്ടുള്ള നിവേദനങ്ങൾ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ മുഖേന അന്വേഷണം നടത്തുകയും വ്യക്തമായ അഭിപ്രായം ശേഖരിക്കുകയും ചെയ്തു. സർക്കാരിന്റെ 25.04 .2015 തീയതിയിലെ സ.ഉ(അച്ചടി) നം.140/15/തസ്വഭവ, 141/15/തസ്വഭവ നമ്പർ ഉത്തരവുകൾ പ്രകാരം 2015-ലെ പൊതുതെരഞ്ഞെടുപ്പിനു മുന്നോടിയായി 69 ഗ്രാമപഞ്ചായത്തുകൾ രൂപീകരിച്ചു കൊണ്ടും ഭരണസൗകര്യത്തിനായി ചില ഗ്രാമപഞ്ചായത്തുകളുടെ ഭാഗങ്ങൾ 14 ഗ്രാമപഞ്ചായത്തുകളിലേക്ക് കൂട്ടിച്ചേർത്തുകൊണ്ടും അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കുകയും ചെയ്തിരുന്നു.<br><br>സാമ്പത്തിക ചെലവും തൊഴിൽ ദിനങ്ങളും സംബന്ധിച്ച വിവരങ്ങൾ തിട്ടപ്പെടുത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ